## പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3729

15.05.2017-ന് മറുപടിയ്ക്ക്

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അദ്ധ്യയന വർഷാരംഭത്തിനു മുൻപ് സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന ഏതെങ്കിലും സ്കൂളുകൾ ജീർണ്ണാവസ്ഥയിലുള്ളതാണോ, മഴക്കാലത്ത് പഠന പ്രവർത്തനം നടത്താനാവാത്തവിധം ഉപയോഗശൂന്യമായതാണോയെന്ന് പരിശോധിക്കുവാനും അപ്രകാരം കണ്ടെത്തുന്ന സ്കൂൾ കെട്ടിടങ്ങളുടെ കേടുപാടുകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുവാനും അടിയന്തിര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽകൊണ്ടുവരാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ബി) സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വാഹനങ്ങളിൽ അനുവദനീയമായി എണ്ണത്തിൽ കൂടുതൽ കുട്ടികൾ സഞ്ചരിക്കുന്നില്ല എന്ന കാര്യം കർശനമായി നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും;വിശദമാക്കാമോ?

(ബി) സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ വിശദ വിവരങ്ങളും കുട്ടികൾ സഞ്ചരിക്കുന്ന ബസുകളുടെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ ദൈനംദിന കാര്യങ്ങളുടെ ചുമതല ഒരു അദ്ധ്യാപകനെ ഏൽപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ വാഹനങ്ങൾക്കും വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ട്രാഫിക് പോലീസ് ക്ലബ്ബിന്റെ അധികാരികളും റോഡ് സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് ഒരു പാഠഭാഗം സിലബസിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുവദനീയമായതിൽ കൂടുതൽ എണ്ണം കുട്ടികളെ സ്കൂൾ വാഹനങ്ങളിൽ കയറ്ററുതെന്നും വാഹനം ഓടിക്കുമ്പോൾ ഡ്രൈവർമാർ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്നും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ